# യൂണിറ്റി
## സപ്ലിമെന്റ്

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ജനുവരി 2025 | പേജ് 4 | വില 5.00 രൂപ

**UNITY** SUPPLEMENT | January 2025 | Chief Editor: JAISON JOSEPH | Page 4 | Price Rs. 5.00


## ജനുവരി 22ന്റെ പണിമുടക്ക് വിജയിപ്പിക്കുക

# അതിജീവനത്തിനായി സർക്കാർ ജീവനക്കാർ നിർഭയപോരാട്ടത്തിന് തയ്യാറെടുക്കുക

ജീവനക്കാർക്കുമേൽ കേരള സർക്കാർ നടത്തുന്ന കുലിക്കൊള്ളയുടെയും അവകാശനിഷേധങ്ങളുടെയും ആഴവും വ്യാപ്തിയും വർദ്ധിക്കുകയാണ്. മാതൃകാതൊഴിൽ ദാതാവായിരിക്കണം എന്ന കടമ ബോധപൂർവ്വം വിസ്മരിച്ച, ഇടതു ലേബലണിഞ്ഞ എൽഡിഎഫ് സർക്കാരാണ് എല്ലാ അതിക്രമങ്ങളുടെയും നേതൃത്വം. സർവ്വമാർഗ്ഗങ്ങളും അടഞ്ഞ സർക്കാർ ജീവനക്കാർ ഗത്യന്തരമില്ലാതെ ജനുവരി 22ന് പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുകയാണ്.

ജീവനക്കാരുടെ ആത്മാഭിമാനത്തെയും സാമ്പത്തികജീവിതത്തെയും ചവിട്ടിയരക്കുന്ന, ജോലിസമ്മർദ്ദത്താൽ ഹൃദയം പൊട്ടിയുള്ള മരണത്തിലേക്കും ആത്മഹത്യയിലേക്കും എത്തിക്കുന്ന സർക്കാരിനെതിരെയുള്ള രോഷം നുരഞ്ഞു പൊന്തുന്നതാകണം ഈ പണിമുടക്ക്. യാതൊരു ആക്രമണത്തിനും കീഴടങ്ങാൻ തയ്യാറല്ല എന്ന തുറന്ന പ്രഖ്യാപനമാവണം അത്. സർക്കാർ മേഖലയിൽ പണിയെടുത്ത് ജീവിക്കുന്ന മുഴുവൻപേരും സ്വന്തം ജീവിതം സംരക്ഷിക്കാനായി ഒത്തൊരുമിച്ച് പൊരുതുന്ന വേളയാവണമത്.

'തൊഴിൽസമരച്ചൂടണഞ്ഞ് കേരളം' ജനുവരി 2ന് കേരളത്തിലെ ഒരു പ്രമുഖ പത്രത്തിൽവന്ന വാർത്തയുടെ ശീർഷകമാണിത്. നാലു ദശാബ്ദങ്ങൾക്കുള്ളിൽ സംസ്ഥാനത്ത് 94 ശതമാനം തൊഴിൽ സമരങ്ങൾ കുറഞ്ഞത്രേ! കേരളത്തിലെ തൊഴിലാളികളുടെ അവകാശങ്ങൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുകയും ന്യായമായ കൂലി ഉറപ്പാക്കപ്പെടുകയും ചെയ്തതിനാലാണോ തൊഴിലാളികൾ സമരപാത ഉപേക്ഷിച്ചത്? അതോ, തകർന്നടിയുന്ന തൊഴിലാളികളുടെ പക്ഷം ഉപേക്ഷിച്ച് യൂണിയൻ നേതൃത്വങ്ങൾ മുതലാളിത്ത വികസനത്തിന്റെ മധുരപ്രതീക്ഷയിൽ അവർക്ക് ദാസ്യപ്പെട്ടതാണോ? രണ്ടാമത്തെ പ്രസ്താവനയാണ് ശരിയെന്ന് സാമൂഹ്യസാഹചര്യം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഏതു കേരളത്തിലാണ് തൊഴിൽ സമരങ്ങളുടെ ചൂട് അണഞ്ഞ് ഇല്ലാതായത്? മാസങ്ങളോളം ശമ്പളമില്ലാതെ പണിയെടുക്കാൻ വിധിക്കപ്പെട്ട കെഎസ്ആർടിസി തൊഴിലാളികളുടെ കേരളം. പെൻഷൻ ലഭിക്കാതെ ജീവൻ വെടിയേണ്ടിവന്ന വയോധികരുടെ കേരളം. ജോലിഭാരം താങ്ങാനാകാതെ ആത്മഹത്യ ചെയ്ത വൈക്കം എഇഒ ഓഫീസിലെ ശ്യാംകുമാറും ഹെഡ്മിസ്ട്രസ് കെ.ശ്രീജയും പിന്നെ പലരും ഈ സംസ്ഥാനത്താണ്. 5 വർഷത്തിനുള്ളിൽ 81 പോലീസുകാർ ജോലിസമ്മർദ്ദം നിമിത്തം ജീവൻ വെടിഞ്ഞതും ഈ സംസ്ഥാനത്തു തന്നെ. 19 ശതമാനം ഡി.എ കുടിശ്ശികയായിട്ടുള്ള കേരളം. ലീവ് സറണ്ടർ മരവിപ്പിക്കപ്പെട്ട കേരളം. കരാർ നിയമനം നടത്താൻ മാത്രം ലക്ഷ്യമിട്ട് ഒരു പൊതുമേഖലാ സ്ഥാപനത്തിനുള്ളിൽ സ്വിഫ്റ്റ് എന്നാരു കമ്പിനിക്ക് രൂപം നൽകിയ തൊഴിലാളി വഞ്ചനയുടെ മാതൃക സൃഷ്ടിച്ച പിണറായി ഭരണത്തിന്റെ കേരളം. ശമ്പളം നിഷേധിക്കപ്പെട്ട ട്രാക്കോ കേബിൾ തൊഴിലാളികളുടെ ഗദ്ഗദം മുഴങ്ങുന്ന കേരളം. തൊഴിലിൽനിന്നും പിരിച്ചുവിടപ്പെടാതിരിക്കാൻ ഏതു ചൂഷണത്തിനും നിശ്ശബ്ദരായി വിധേയരാകാൻ നിർബ്ബന്ധിതമാക്കപ്പെടുന്ന, മിനിമംകൂലി പോലും നിഷേധിക്കപ്പെട്ട ലക്ഷക്കണക്കിന് അസംഘടിതതൊഴിലാളികളുടെ കേരളം.

**ഇവിടെ തൊഴിലാളികളുടെ സമരാഗ്നി ഉയരുകതന്നെ വേണം. ജീവനക്കാർ പ്രഖ്യാപിച്ചിട്ടുള്ള ജനുവരി 22ന്റെ പണിമുടക്ക് ഈ അഗ്നി പടർത്താനുള്ള ജ്വാലയായി മാറണം. ഈ പ്രക്ഷോഭം കേരളത്തിലെ മുഴുവൻ തൊഴിലാളികൾക്കും സാധാരണജനങ്ങൾക്കും വേണ്ടിയുള്ളതാണ്.**

## 2002 ജനുവരി 16ലെ കറുത്ത ഉത്തരവിനെതിരായ പ്രക്ഷോഭം: ഉത്തരവിലെ വ്യവസ്ഥകളുടെ ഇന്നത്തെ സ്ഥിതി

**2002** ജനുവരി 16ലെ കറുത്ത ഉത്തരവിനെതിരെ കേരളത്തിലെ സർക്കാർ ജീവനക്കാർ നടത്തിയ ഐതിഹാസികമായ പണിമുടക്കിന് കാരണമായ സർക്കാർ തീരുമാനങ്ങളുടെ പിന്നിലെ ആഗോളവൽക്കരണ പദ്ധതികളെ വെളിപ്പെടുത്തിക്കൊണ്ടും, ബഹുജനങ്ങളുടെയിടയിൽ സർക്കാരും വലതുപക്ഷശക്തികളും നടത്തിയ കുപ്രചാരണങ്ങൾക്ക് മറുപടി നൽകിക്കൊണ്ടും, സമരത്തിന് ശരിയായ ദിശ നൽകിക്കൊണ്ടും 2002 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലായി 'യൂണിറ്റി' ഏറ്റെടുത്ത ചരിത്രദൗത്യം ഇവിടെ ഞങ്ങൾ ഓർമ്മിപ്പിക്കുന്നു. ലക്ഷക്കണക്കിന് കോപ്പികൾ കേരളത്തിലെമ്പാടും വിതരണം ചെയ്യപ്പെട്ട 'യൂണിറ്റി'യിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നടത്തിയ പ്രചാരണപ്രവർത്തനങ്ങളും പ്രസ്തുത പ്രക്ഷോഭത്തിന് അളവറ്റ കരുത്ത് പകർന്നു നൽകി.

2002ലെ കറുത്ത ഉത്തരവിലെ അടിമുടി തൊഴിലാളിവിരുദ്ധ തീരുമാനങ്ങളുടെ നടപ്പാക്കൽ ഇപ്പോൾ പിണറായി സർക്കാർ പൂർത്തിയാക്കിയിരിക്കുന്നു. ഉത്തരവിലെ ഒന്നു മുതൽ നാലുവരെയുള്ള ഇനങ്ങൾ തസ്തിക വെട്ടികുറയ്ക്കലും പുറംകരാർ നൽകലും താൽക്കാലികക്കാരെ നിയമിക്കലുമാണ്. പൊതുമരാമത്ത് വകുപ്പിനെ നോക്കുകുത്തിയാക്കി ഊരാളുങ്കൽ ലേബർ സഹകരണസംഘമെന്ന സ്വകാര്യ കോർപ്പറേറ്റ് സംഘത്തെ സർവ്വ നിർമ്മാണ പ്രവർത്തികളും ടെൻഡർ പോലുമില്ലാതെഏൽപ്പിക്കുന്നു. റവന്യൂ വകുപ്പിൽ തസ്തികകൾ കുറച്ച് സേവനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങളെ സമീപിക്കാൻ ജനങ്ങളോട് പറയുന്നു. ഹൗസിംഗ് ബോർഡ് നാമാവശേഷമാക്കുന്നു. വിദ്യാഭ്യാസ വകുപ്പിൽ സ്ഥിരം അധ്യാപകർക്ക് പകരം താൽക്കാലിക അധ്യാപകരെ മാത്രം നിയമിക്കുന്നു. സകല വകുപ്പുകളിലും കരാർ നിയമനങ്ങൾ എന്ന പേരിൽ ഭരണകക്ഷിയുടെ പാർട്ടി ഓഫീസ് വഴിയുള്ള പിൻവാതിൽ നിയമനം നടക്കുന്നു.




പൊലീസിൽപോലും സ്ഥിരനിയമനം ഒഴിവാക്കി താൽക്കാലികക്കാരെ കുത്തിനിറയ്ക്കാനുള്ള നീക്കങ്ങൾ നടക്കുന്നു. അതിന്റെ ഭാഗമായാണ് സിവിൽ പൊലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ എണ്ണം വെട്ടികുറയ്ക്കുന്നതും ലിസ്റ്റ് കാലഹരണപ്പെടുന്ന മുറയ്ക്ക് നിയമനം ചുരുക്കുന്നതും. ആറാം ഇനമായ സറണ്ടർ വേതനം നിർത്തലാക്കാൻ ആന്റണി സർക്കാരിന് സാധിച്ചിരുന്നില്ല. എന്നാൽ പിണറായി സർക്കാർ അത് തടഞ്ഞു വെയ്ക്കുന്നതിൽ കഴിഞ്ഞ അഞ്ചു വർഷമായി വിജയിച്ചിരിക്കുന്നു. ഏഴാം ഇനമായ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് പിണറായി സർക്കാർ നിർത്തലാക്കി. 16-ാം ഇനമായ പങ്കാളിത്ത പെൻഷൻ, സ്വന്തം വാഗ്ദാനങ്ങൾ വിഴുങ്ങി, പ്രതിഷേധങ്ങൾ അവഗണിച്ച് കൂടുതൽ നിയമപരിരക്ഷ നൽകി പിണറായി സർക്കാർ തുടരുന്നു. ■

കക്ഷിരാഷ്ട്രീയ വിഭാഗീയതകളുടെ വിഷമൊഴുക്കി ഇരകളെ ചിതറിപ്പിക്കാൻ, ഒറ്റപ്പെടുത്തിആക്രമിക്കാൻശ്രമിക്കുന്നവർക്കൊരു ആഘാതമാവണം ഈ പണിമുടക്ക്. ജീവനക്കാരിൽനിന്ന് കൊള്ളയടിച്ച മുതൽ തിരികെവയ്ക്കാൻ പ്രേരിപ്പിക്കുന്നതാവണമത്. ജീവനക്കാർക്കുനേരെ ആക്രമണം കടുപ്പിക്കാൻ തയ്യാറെടുക്കുന്ന സർക്കാരിനുള്ള താക്കീതാവണം ഈ പണിമുടക്ക്.

സർക്കാരിന്റെ ഏജന്റുമാരായ സംഘടനകളുടെ വഞ്ചകനേതൃത്വത്തിന്റെ ഭീഷണി, 'ഡയസ്നോൺ' തുടങ്ങിയവയെ അവജ്ഞയോടെ തള്ളിക്കളഞ്ഞുകൊണ്ട്, ആത്മാഭിമാനത്തോടെ സർക്കാർ ജീവനക്കാരും അധ്യാപകരും സമരസാഹോദര്യത്തോടെ ഒറ്റക്കെട്ടായി പണിമുടക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഒരുകാലത്ത് സമരങ്ങളുടെ മുൻനിരയിൽ നിന്നിരുന്ന, ഇപ്പോൾ ഈ വഞ്ചകസർക്കാരിന്റെ പിണിയാളുകളായി മാറി അധ:പതിച്ച ഒരു സംഘടനാനേതൃത്വം സമരത്തിലില്ല എന്നത് ഈ സമരത്തിന്റെ പ്രാധാന്യവും സാധുതയും ഒട്ടും നിഷേധിക്കുന്നില്ല. കേവലം സർക്കാർ ജീവനക്കാരുടെ മാത്രമല്ല, പണിയെടുത്ത് ജീവിക്കുന്ന ഇതര വിഭാഗം തൊഴിലാളികളുടെയാകെ താൽപര്യങ്ങൾ ഈ സമരത്തിൽ അന്തർഭവിച്ചിരിക്കുന്നതിനാൽ ഈ സമരം വിജയിക്കേണ്ടത് ഏവരുടെയും ആവശ്യമായി മാറിയിരിക്കുന്നു.

*(ശേഷം IV-ാം പേജിൽ)*

# മുതലാളിമാർക്കായി നികുതിപ്പണം വിളമ്പുന്നവർ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ജീവനക്കാർക്ക് അവകാശങ്ങൾ നിഷേധിക്കുന്നു

**1999**-2000 വർഷത്തിൽ 20,176 കോടി രൂപയായിരുന്ന സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ അഞ്ചുലക്ഷം കോടിയിലേക്ക് അടുക്കുന്നു. മൂലധനനിക്ഷേപം മാത്രം ലക്ഷ്യംവച്ചുകൊണ്ട്, പശ്ചാത്തലവികസനത്തിന്റെ പേരിൽ നടപ്പിലാക്കുന്ന വൻ പദ്ധതികൾക്കുവേണ്ടിയാണ് ഈ കടമെല്ലാം വാങ്ങിക്കൂട്ടിയത്. ഇതിനോടകം 10,000 കോടിയിലധികം രൂപയാണ് അദാനി എന്ന കുത്തകഭീമനുവേണ്ടി വിഴിഞ്ഞം പദ്ധതിയിലൂടെ മാത്രം കേരള സർക്കാർ ഒഴുക്കിയത്. ഇതിനൊക്കെവേണ്ടി വാങ്ങിക്കൂട്ടുന്ന കടത്തിന്റെ പലിശയുടെയും തിരിച്ചടവിന്റെയും ഭാരം ഏറ്റുവാങ്ങുന്നത് നിരപരാധികളായ ജനങ്ങളാണ്.

സംസ്ഥാനത്തിന്റെവരുമാനത്തിൽഏറിയ പങ്കും ചെലവഴിക്കുന്നത് ജീവനക്കാർക്കും അധ്യാപകർക്കും ശമ്പളം നൽകാൻ വേണ്ടിയാണെന്നാണ് ആസൂത്രിതമായ പ്രചാരണം. എന്നാൽ യാഥാർത്ഥ്യമെന്താണ്? സൗജന്യ വിദ്യാഭ്യാസവും സൗജന്യ ചികിൽസയും മറ്റവകാശങ്ങളും ഉറപ്പാക്കിക്കൊണ്ടുള്ള അടിസ്ഥാനക്ഷേമപ്രവർത്തനം, വികസിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കുകയെന്ന മഹത്തായ ലക്ഷ്യത്തിനുവേണ്ടിയുള്ള നിക്ഷേപമാണ്. വികസനത്തിന്റെ പേരിൽ ഖജനാവിലെ പണം സ്വകാര്യമുതലാളിമാർക്ക് നിർലോഭമായി ഒഴുക്കുന്ന രാഷ്ട്രീയ ശക്തികൾ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനെച്ചൊല്ലി വ്യാകുലപ്പെടുന്നു.

2023-24 ബജറ്റിൽ വകയിരുത്തിയതിൽ ശമ്പളത്തിന്റെ വിഹിതം 1864 കോടി രൂപ കുറച്ചാണ് ചെലവഴിച്ചത്. പെൻഷൻ ഇനത്തിൽ 2057 കോടി രൂപ കുറച്ചാണ് നൽകിയത്. അതേസമയം പലിശയിനത്തിൽ 597 കോടി രൂപ അധികം നൽകിയിരിക്കുന്നു. ശമ്പളത്തിനും പെൻഷനും വേണ്ടിവരുന്ന തുക കവർന്നെടുത്ത് വായ്പകളുടെ പലിശ നൽകുകയാണെന്ന് ഇത് വ്യക്തമാക്കുന്നു. ആകെ റവന്യൂവരുമാനത്തിന്റെ 21 ശതമാനമാണ് ഇന്ന് പലിശ നൽകാൻ വേണ്ടിവരുന്നത്. കഴിഞ്ഞ എട്ടുവർഷംകൊണ്ട് പലിശയിനത്തിൽ 116% വർദ്ധനവാണ് ഉണ്ടായത്. ശമ്പളയിനത്തിലെ വിഹിതം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.1999-2000ൽ ശമ്പളച്ചെലവ് റവന്യൂ വരുമാനത്തിന്റെ 56.7 ശതമാനം ആയിരുന്നെങ്കിൽ 2024-25ൽ അത് 27 ശതമാനമായി കുറഞ്ഞു.

ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളും പതിനഞ്ചാം ഇന്ത്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ച മാനദണ്ഡവും പ്രകാരം കണക്കാക്കുകയാണെങ്കിൽ മിനിമം വേതനമായി 2024ൽ ഒരു തൊഴിലാളിക്ക് 39,000 രൂപയും ഫെയർവേജ് തത്വത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ 53,050 രൂപയും നൽകണം. പക്ഷേ കേരളത്തിലെ ക്ലാസ് 4ലും ക്ലാസ് 3യിലുമുള്ള സർക്കാർ ജീവനക്കാർക്ക് യഥാക്രമം 23,000 രൂപയും 26,500 രൂപയുമാണ് അടിസ്ഥാന ശമ്പളം. സർക്കാരിനുവേണ്ടി ജോലി ചെയ്യുന്ന ആശാ ഹെൽത്ത് വർക്കേഴ്സിന് 6000 രൂപ മാത്രമാണ് പ്രതിമാസം നൽകുന്നത്.

ജീവനക്കാരുടെ ശമ്പളത്തിന്റെ കാര്യം വരുമ്പോൾ സർക്കാർ ഖജനാവ് കാലി എന്നു പറയുമ്പോഴും അന്തമില്ലാത്ത ധൂർത്തും ആഡംബരവും നടത്തുന്നതിൽ ഒരു കുറവുമില്ല. 'കേരളീയം', 'നവ കേരള സദസ്സ്' എന്നൊക്കെ പേരിട്ട് സർക്കാരിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്താനും വോട്ട് ലക്ഷ്യം വച്ചും നടത്തുന്ന കെട്ടുകാഴ്ച്ചകൾ ഖജനാവ് ചോർത്തുന്നില്ലേ? ഭരണകക്ഷി എംഎൽഎമാരുടെ നാലിലൊന്നും മന്ത്രിമാരോ ക്യാബിനറ്റ് പദവി വഹിക്കുന്നവരോ ആണ്. അവരുടെ പേഴ്സണൽ സ്റ്റാഫായി 750 ഓളം പേരുണ്ട്. ഉയർന്ന ശമ്പളം കൈപ്പറ്റുന്ന 21 പിഎസ്‌സി അംഗങ്ങൾ. റിട്ടയർ ചെയ്തതിനുശേഷം ഉപകാരസ്മരണ പോലെ ചില ഉന്നത ഉദ്യോഗസ്ഥർക്ക് ദാനം ചെയ്യുന്ന ഉന്നത പദവികൾ. ഇതിനു പുറമേ, ക്യാബിനറ്റ് പദവിയോടെ ഡൽഹിയിൽ പ്രത്യേക പ്രതിനിധിയായി ചേരിമാറി വന്ന രാഷ്ട്രീയനേതാവ്! ഇങ്ങനെയായിരിക്കെ, സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടാണ് സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലായത് എന്ന് പറയുന്നത് ദുരുദ്ദേശത്തോടെ, തെറ്റിദ്ധാരണ പരത്താൻ ബോധപൂർവ്വം ചെയ്യുന്നതാണ്.

### സർക്കാർ ജീവനക്കാർക്കെതിരെ നടത്തുന്ന ആക്രമണങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങൾ

കേരളത്തിന്റെ വരുമാനമെല്ലാം കവരുന്നവരായി സർക്കാർ ജീവനക്കാരെ ചിത്രീകരിക്കുകയും പൊതുജനമധ്യേ അവരെ അവഹേളിക്കുകയും സാമ്പത്തിക പ്രതിസന്ധിയുടെ പേര് പറഞ്ഞ് കൂലിക്കൊള്ള നടത്തുന്നതിന്റെയും പിന്നിലെ ഗൂഢലക്ഷ്യങ്ങൾ ഇതരമേഖലകളിൽ പണിയെടുക്കുന്നവരും ബഹുജനങ്ങളും മനസ്സിലാക്കണം.

ഇതരസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ ഉയർന്ന ജീവിതനിലവാരമാണ് കേരളത്തിലെ ജനങ്ങൾക്ക്. അതിനൊത്തവണ്ണം ജീവിതച്ചെലവ് വളരെ കൂടുതലാണ് കേരളത്തിൽ. ഇതരസംസ്ഥാനങ്ങളേക്കാൾ നിത്യോപയോഗ സാധനങ്ങളുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിലയും നിത്യേന അധികരിക്കുന്ന ആരോഗ്യ-വിദ്യാഭ്യാസ ചെലവുകളുമാണ് ജീവിതച്ചെലവ് വർദ്ധിപ്പിക്കുന്നത്. അതനുസരിച്ചുള്ള കൂലിഘടന സ്വാഭാവിക പ്രതീക്ഷയാണ്. നിലവിലെ വരുമാനത്തിൽ നിന്നും മിച്ചം പിടിക്കുവാൻ ഒന്നുമുണ്ടാവില്ല എന്ന് മാത്രമല്ല, കടമെടുക്കുകകൂടി ചെയ്താണ് ജനങ്ങൾ അത്യാവശ്യങ്ങൾ നിറവേറ്റി പോകുന്നത്. ജീവിതച്ചെലവ് കുറയ്ക്കാതെ തന്നെ കൂലിനിലവാരം കുറയ്ക്കുക എന്ന നീക്കമാണ് പിണറായി സർക്കാർ നടത്തുന്നത്.

സംസ്ഥാനത്തെ ഏറ്റവും പ്രധാന സംഘടിതമേഖല എന്ന നിലയിൽ, ശമ്പള കമ്മീഷനുകൾ വഴി സുസ്ഥാപിതമായ സേവന-വേതന വ്യവസ്ഥ നിലനിന്നിരുന്ന സർക്കാർ സർവീസ്, ഇതര അർദ്ധ-സർക്കാർ, പൊതുമേഖല, സ്വകാര്യ മേഖലകളിലെ സേവന-വേതന വ്യവസ്ഥകൾക്ക് മാതൃകയായിരുന്നു. ഈ മാതൃക തകർക്കുക എന്നതാണ് സർക്കാരിന്റെ സുവ്യക്തമായ ലക്ഷ്യം.

*(ശേഷം III-ാം പേജിൽ)*

# പിണറായി സർക്കാരിന്റെ കൂലിക്കൊള്ളയുടെ ഭീകര ചിത്രം

**2002** ജനുവരി 16ന്റെ കറുത്ത ഉത്തരവിൽ തുടങ്ങി രണ്ടുപതിറ്റാണ്ടായി സർക്കാർ തുടർന്നു വരുന്ന കൂലിക്കൊള്ള അതിന്റെ ഭീകരരൂപം പ്രാപിച്ചത് പിണറായി സർക്കാരിന്റെ കാലത്താണ്. 2013ൽ ഉമ്മൻ ചാണ്ടി പങ്കാളിത്ത പെൻഷൻ നടപ്പാക്കി തുടക്കമിട്ട ഈ രണ്ടാംഘട്ട കൂലിക്കൊള്ള പിണറായി സർക്കാർ ഏറവും ഭംഗിയായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

- പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കും എന്ന് വാഗ്ദാനം നൽകി അധികാരത്തിൽ വന്ന പിണറായി സർക്കാർ അധികാരമേറ്റ് 9 വർഷം ആകാൻ പോകുന്ന ഇക്കാലത്തിനിടക്ക് പങ്കാളിത്ത പെൻഷൻ പിൻവലിക്കാൻ ഒരു നടപടിയും കൈക്കൊണ്ടില്ല. മാത്രമല്ല എൻപിഎസ് പിൻവലിക്കില്ല എന്ന് കേന്ദ്ര സർക്കാരിന് ഉറപ്പുനൽകി വർഷംതോറും വായ്പകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. രണ്ടാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ ഈ ഇനത്തിൽ ഏതാണ്ട് 7900 കോടി രൂപ ജീവനക്കാരുടെ പക്കൽനിന്നും സർക്കാർ കൊള്ളയടിച്ചു. വിരമിച്ച പങ്കാളിത്ത പെൻഷൻ ജീവനക്കാർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി, മെഡിക്കൽ അലവൻസ് തുടങ്ങിയവ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. എൻപിഎസ് പദ്ധതി വഴി, റിട്ടയറായ 3500ൽ അധികം ജീവനക്കാർക്ക് ആന്വിറ്റി എന്ന നിലയിൽ പരമതുച്ഛമായ തുകയാണ് ലഭിക്കുന്നത്.
- കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരിക്കുന്ന മുഴുവൻ ഡിഎ ഗഡുക്കളും അനുവദിക്കുക, 2021 മുതൽ നിലനിൽക്കുന്ന മുഴുവൻ കടിശ്ശികയും പണമായി തരിക, 2021നുമുമ്പ് അനുവദിച്ച 4 ഗഡു ഡിഎയുടെ കുടിശ്ശിക, പിഎഫിൽ ലയിപ്പിച്ചത്, പിൻവലിക്കാൻ അനുവദിക്കുക എന്നിവ ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങളാണ്. എന്നാൽ ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ കൊള്ളയാണ് ഡിഎയുടെ കാര്യത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. 22,056 കോടി രൂപയാണ് ജീവനക്കാരുടെ ഡിഎ ഇനത്തിൽ സർക്കാർ കൊള്ളയടിച്ചത്. കേന്ദ്രനിരക്കിൽ ക്ഷാമബത്ത തൽസമയം അനുവദിക്കുക എന്ന ഡിമാൻഡ് ഉയർത്തിക്കൊണ്ടാണ് കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ഏറ്റവും നീണ്ടു നിന്ന 53 ദിവസത്തെ പണിമുടക്ക് 1973ൽ നടന്നതെന്ന കാര്യം വിസ്മരിക്കരുത്.
- പെൻഷൻകാർക്കു നൽകേണ്ടുന്ന ഡിയർനസ് റിലീഫും (ഡിആർ) സമാനമായി സർക്കാർ പിടിച്ചുവച്ചിരിക്കുകയാണ്. ആ ഇനത്തിലെ കൊള്ള 11,771 കോടി രൂപയാണ്.
- കഴിഞ്ഞ 5 വർഷമായി ലീവ് സറണ്ടർ പണമായി നൽകുന്നില്ല. 2020-21, 2021-22വർഷങ്ങളിൽ പൂർണ്ണമായും ലീവ് സറണ്ടർ മരവിപ്പിച്ചു. ലീവ് സറണ്ടർ ഇനത്തിൽ 15,907 കോടിരൂപയാണ് സർക്കാർ കൊള്ളയടിച്ചത്. 2021ൽ നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിന്റെ 2019 ജൂലൈ മുതലുള്ള കടിശ്ശിക 2023, 2024 വർഷങ്ങളിൽ നാലു ഗഡുക്കളായി പണമായി നൽകുമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിരുന്നതാണ്. എന്നാൽ ഇതേവരെ ഈ വിഷയം സർക്കാർ പരിഗണിച്ചിട്ടുപോലുമില്ല. ഇതിൽ ഏതാണ്ട് 3000 കോടി രൂപയാണ് സർക്കാർ ഇങ്ങനെ കൊള്ളയടിച്ചിരിക്കുന്നത്. പെൻഷൻകാർക്ക് ഇനിയും ഒരു ഗഡു കൂടി ഈ ഇനത്തിൽ നൽകാനുണ്ട്. അതിൽ 500 കോടി രൂപയുടെ പിടിച്ചുപറിയാണ് നടന്നിട്ടുള്ളത്.
- ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും റി-ഇംപേഴ്സ്‌മെന്റ് വഴിയും മെഡിക്കൽ അഡ്വാൻസ് വഴിയും ചികിൽസാവകാശം ഉറപ്പാക്കിയ 1960ലെ മെഡിക്കൽ അറ്റൻഡൻസ് റൂൾ അട്ടിമറിച്ച്, ഓരോ ജീവനക്കാരുടെയും പെൻഷൻകാരുടെയും പക്കൽനിന്നും പ്രതിവർഷം 6000 രൂപ പിടിച്ചെടുത്ത്, 2022 ജൂലൈ മുതൽ സർക്കാർ നിബന്ധിതമായി നടപ്പാക്കിയ മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി സമ്പൂർണ്ണ പരാജയമായി മാറി. ഇതു വഴി ജീവനക്കാർക്ക് മെഡിക്കൽ റി-ഇംപേഴ്സ്‌മെന്റ്, മെഡിക്കൽ അഡ്വാൻസ് എന്നീ ആനുകൂല്യങ്ങളും പെൻഷൻകാർക്ക് പ്രതിമാസ മെഡിക്കൽ അലവൻസും നഷ്ടമായി. അതിലൂടെ ജീവനക്കാരുടെയും പെൻഷൻകാരുടെയും 1980 കോടി രൂപ സർക്കാർകൊള്ളയടിച്ചു.
- ജീവനക്കാർക്കായി സർക്കാർ നേരിട്ടുനൽകിയിരുന്ന ഹൗസ് ബിൽഡിങ്ങ് അഡ്വാൻസിന്റെ പ്രത്യേകത, ആദ്യം ലോണിന്റെ മുതൽ അടച്ചു തീർത്തതിനുശേഷം പലിശ അടക്കുക എന്നതായിരുന്നു. ഇത് ജീവനക്കാർക്ക് പലിശ ഇനത്തിൽ വലിയ നേട്ടമായിരുന്നു ഉണ്ടാക്കിയിരുന്നത്. 2019-20 വർഷം മുതൽ സർക്കാർ ഈ പദ്ധതി നിർത്തലാക്കുകയും ബാങ്കുകളുമായി ചേർന്ന് പലിശ സബ്സിഡി നൽകുന്ന പദ്ധതി തുടങ്ങും എന്നു പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ പുതിയ പദ്ധതി തുടങ്ങിയിട്ടില്ല. ഈ ഇനത്തിൽ കഴിഞ്ഞ ആറു വർഷംകൊണ്ട് 2052 കോടി രൂപ സർക്കാർ കവർന്നെടുത്തു.
- 2024 ജൂലൈയിൽ നടപ്പാക്കേണ്ട 12-ാം ശമ്പള പരിഷ്കരണം സംബന്ധിച്ച ഒരു നടപടിയും സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടില്ല. ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കുന്നത് സംബന്ധിച്ച് നിലപാടുപോലും സർക്കാർ പറയുന്നില്ല. ശമ്പള പരിഷ്കരണം വൈകുന്നതുവഴി കഴിഞ്ഞ 6 മാസമായി ഈ ഇനത്തിൽ 4800 കോടിരൂപയാണ് ജീവനക്കാർക്ക് നഷ്ടപ്പെട്ടിരിക്കുന്നത്.
- ഈ രീതിയിൽ കഴിഞ്ഞ 4 വർഷമായി സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും 70,087 കോടിരൂപയാണ് കേരള സർക്കാർ കൊള്ളയടിച്ചത്. ഓരോ മാസവും ഏതാണ്ട് 2028 കോടി രൂപയാണ് കൊള്ളപ്പണത്തിൽ കൂട്ടിച്ചേർക്കുന്നത്.
- 200-ഓളം ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളിലെ ശമ്പളവും പെൻഷനും സർക്കാർ കൈയൊഴിഞ്ഞു. 2024 നവംബറിൽ അതു സംബന്ധിച്ച് സർക്കുലർ ഇറങ്ങി. വിവിധ വകുപ്പുകൾക്കു കീഴിൽ ചെറുതും വലുതുമായി ഇരുനൂറോളം ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുണ്ട്. അവിടങ്ങളിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് ജീവനക്കാരെ ഈ ഉത്തരവ് പ്രതികൂലമായി ബാധിക്കുന്നു.
- സർക്കാർ ഗ്രാൻഡ് നൽകാത്തതിനെ തുടർന്ന് സർവ്വകലാശാലകളിൽ ശമ്പളം മുടങ്ങുന്നത് പതിവായിരിക്കുന്നു
- വിരമിച്ച മുൻസിപ്പൽ ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് സർക്കാർ നൽകുന്ന വിഹിതം നൽകാത്തതിനാൽ റിട്ടയർമെൻറ് ആനുകൂല്യങ്ങൾ രണ്ടുവർഷംവരെ താമസിക്കുന്നു. ■

## ജീവനക്കാരുടെ അവകാശങ്ങൾ കശാപ്പുചെയ്തതിന് ലഭിച്ച പുരസ്കാരമാണ്

# ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിലെ ഒന്നാം സ്ഥാനം

'Doing business 2020: Reforms to boost Indian business climate rankings' എന്ന റിപ്പോർട്ടിലൂടെയാണ് ലോകബാങ്ക് 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്' പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച മാർഗ്ഗരേഖ നൽകിയിരിക്കുന്നത്. ഈ പദ്ധതിയുടെ കേരളത്തിലെ നടത്തിപ്പിന്റെ നോഡൽ ഏജൻസിയായ കെഎസ്ഐഡിസിയുടെ വെബ്സൈറ്റിൽ പറയുന്നത് ശ്രദ്ധിക്കുക: "ബിസിനസ്സ് അന്തരീക്ഷത്തിന്റെ നിലവച്ചുകൊണ്ട് സംസ്ഥാനങ്ങളുടെ റാങ്ക് നിശ്ചയിക്കുവാൻവേണ്ടി ലോകബാങ്ക് ആവിഷ്കരിച്ച ഒരു സംരംഭമാണ് 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്'. അതിന്റെ ചുവടുപിടിച്ച് കേന്ദ്രസർക്കാർ ബിസിനസ്സ് പരിഷ്കാരത്തിനുവേണ്ടിയുള്ള ഒരു ആക്ഷൻ പ്ലാൻ പുറപ്പെടുവിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിന്റെ മാർക്കും വ്യവസായ - വാണിജ്യമേഖലയിൽ നിന്നുള്ള ഫീഡ്ബാക്ക് റിപ്പോർട്ടും വച്ചുകൊണ്ട് റാങ്ക് നിശ്ചയിക്കും. ഇതിന്റെ ലക്ഷ്യം നിക്ഷേപസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ്. കേരളം ഇക്കാര്യത്തിൽ പ്രോ-ആക്ടീവ് നടപടികളാണ് സ്വീകരിക്കുന്നത്." ഇത് കാര്യക്ഷമമാക്കി നടപ്പാക്കി, മൽസരത്തിൽ കൂടുതൽ ഉയർന്ന റാങ്ക് വാങ്ങിക്കുന്നതിനായി കേരളം കൈക്കൊണ്ടിട്ടുള്ള നടപടികളാണ് തുടർന്ന് ഇതിൽ വിശദീകരിക്കുന്നത്. ആക്ഷൻ പ്ലാനിൽപ്പെട്ട 90% കാര്യങ്ങൾ കേരളം ഇതിനോടകം നടപ്പിലാക്കി എന്ന് കെഎസ്ഐഡിസി പറയുന്നു.


ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനായി മുതലാളിത്തം അവലംബിക്കുന്ന മാർഗ്ഗം ഉൽപ്പാദന ചിലവ് കുറയ്ക്കുക എന്നതുമാത്രമാണ്. ഉൽപ്പാദനചെലവ് കുറയ്ക്കുകയെന്നാൽ കൂലി കുറയ്ക്കുക എന്നു മാത്രമാണ് അർത്ഥം. തൊഴിൽവൈദഗ്ധ്യം കൂട്ടുക, തൊഴിൽ സമയം കൂട്ടുക, കൂലി കുറയ്ക്കുക-അതായത്, ചൂഷണത്തിന്റെ തോത് പരമാവധി വർദ്ധിപ്പിക്കുക. 'ബിസിനസ്സ് ആയാസരഹിതമാക്കാനുള്ള' മാർഗ്ഗങ്ങൾ ഇവയൊക്കെയാണ്. തൊഴിലാളികളെ നിർബാധം ചൂഷണം ചെയ്യുന്നതിന് തടസ്സമായി നിൽക്കുന്ന എല്ലാറ്റിനെയും നിഷ്കാസനം ചെയ്യുക എന്നതാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് ചെയ്യുന്നത്. തൊഴിൽ ചൂഷണത്തിന് നൽകുന്ന അധികസൗകര്യമാണ് നിക്ഷേപം ആകർഷിക്കാൻ പര്യാപ്തമാവുന്ന പ്രധാന ഘടകം. കേരളത്തിൽ വിദ്യാഭ്യാസമികവും സാമൂഹികപ്രബുദ്ധതയുമുള്ള തൊഴിലാളികളുടെ ഉത്പാദനക്ഷമത കൂടുതലാണെങ്കിലും പതിറ്റാണ്ടുകളുടെ പ്രക്ഷോഭണങ്ങളിലൂടെ നേടിയ താരതമ്യേന മെച്ചപ്പെട്ട വേതനഘടനയും അവകാശബോധവുമാണ് സർക്കാരിന്റെ മുമ്പിലുള്ള വെല്ലുവിളി. ആ ചലഞ്ച് ആണ് പിണറായി സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.

ആഗോളനിക്ഷേപം ആകർഷിക്കാനായുള്ള മുതലാളിത്ത രാഷ്ട്രങ്ങളുടെ മത്സരമാണ് ഈ പദ്ധതി. ഈ ലോകബാങ്ക് പദ്ധതിയുടെ ഭാഗമായാണ് ലോകമെമ്പാടും തൊഴിലാളികൾക്ക് അനുകൂലമായി നിലനിന്നിരുന്ന നിയമപരിരക്ഷകളെല്ലാം എടുത്തുകളഞ്ഞത്. അതിന്റെ ഭാഗമായി തന്നെയാണ് മോദി സർക്കാർ തൊഴിലാളികൾക്ക് അനുകൂലമായ തൊഴിൽ നിയമങ്ങളെല്ലാം എടുത്തുകളഞ്ഞ് നാല് ലേബർ കോഡുകൾ കൊണ്ടുവന്നത്. ഇതിനെതിരെ സിഐടിയു അടക്കമുള്ള കേന്ദ്ര ട്രേഡ് യൂണിയനുകൾ 14 തവണയാണ് അഖിലേന്ത്യാതലത്തിൽ പണിമുടക്കിയത്. ഇതേ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് -തൊഴിൽ അവകാശങ്ങളുടെ പട്ടട തീർത്തതിന്- ലഭിച്ച പുരസ്കാരമാണ്, ബിജെപിയുടെ സംസ്ഥാന സർക്കാരുകളെപോലും പിന്തള്ളി കേരളം നേടിയത്. സർക്കാർ ജീവനക്കാരുടെ അവകാശങ്ങൾ അതിവിദഗ്ധമായി കശാപ്പുചെയ്യാൻ പിണറായി സർക്കാർ കാട്ടിയ സാമർത്ഥ്യമാണ് പുരസ്കാരത്തിന് അർഹത ലഭിക്കാൻ ഒന്നാമത്തെ കാരണം. ■

## ജോലിഭാരവും മാനസിക സമ്മർദ്ദവും ജീവനക്കാരെ ആത്മഹത്യയിലേക്കും മരണത്തിലേക്കും തള്ളിവിടുന്നു

● **കേ**രളത്തിൽ ആകെയുള്ള സർക്കാർ തസ്തിക 5,15,513. ദശാബ്ദങ്ങളായി ഒരേ നില. രോഗികളുടെ എണ്ണം പതിന്മടങ്ങായി വർദ്ധിച്ചിട്ടും ആരോഗ്യവകുപ്പിൽ 1965ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത്. ഈ അനുവദിക്കപ്പെട്ട തസ്തികകളെപ്പറ്റി കേരളത്തിലെ സർക്കാർ ഓഫീസുകളിൽ ആകമാനം ഒറ്റദിവസം സർവ്വേ നടത്തുകയാണെങ്കിൽ ആയിരക്കണക്കിന് തസ്തികൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് മനസ്സിലാവും. കീഴറ്റത്തെ ഒഴിവുകൾ മാത്രമേ സാധാരണ ശ്രദ്ധയിൽപ്പെടാറുള്ളൂ. അതിനു മുകളിലുള്ള പ്രമോഷൻ തസ്തികകളിൽ ആയിരക്കണക്കാണ് ഒഴിച്ചിട്ടിരിക്കുന്നത്. ഉയർന്ന തസ്തികകളിലുള്ളവർ ഒന്നും രണ്ടും അഡിഷണൽ ചാർജ്ജുകളാണ് വഹിക്കുന്നത്. അതിന്റെ സമ്മർദ്ദം താങ്ങാനാവാതെയാണ് പലരും കുഴഞ്ഞുവീണ് മരിക്കുന്നതും ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നതും.

● സ്ഥിരസ്വഭാവമുള്ള തസ്തികകളിൽ സ്ഥിരനിയമനം എന്ന സുപ്രീംകോടതിവിധി കാറ്റിൽപറത്തിയാണ് 'ഫിക്സഡ് ടേം എംപ്ലോയ്മെന്റ്' (നിശ്ചിതകാല തൊഴിൽ), 'ഹയർ ആൻഡ് ഫയർ പദ്ധതി' എന്നീ ആഗോളവൽക്കരണ നയങ്ങൾ കേരള സർക്കാർ നേരിട്ട് നടപ്പിലാക്കുന്നത്. കോളേജ് അധ്യാപകരും ഡോക്ടർമാരും അടക്കം പതിനായിരക്കണക്കിന് താൽക്കാലിക ജോലിക്കാരാണ് സ്ഥിരതസ്തികകളിൽ പണിയെടുക്കുന്നത്. സർക്കാർ സർവീസിൽ 19,000 താൽക്കാലിക ജീവനക്കാരുടെ എണ്ണമാണ് ഔദ്യോഗിക കണക്കെങ്കിലും, യഥാർത്ഥത്തിലുള്ളത് ഇതിന്റെ എത്രയോ ഇരട്ടിയാണ്. സ്ഥിരജീവനക്കാരായി ഒരാളെപ്പോലും നിയമിക്കാതെ കെഎസ്ആർടിസിക്കുള്ളിൽ സ്വിഫ്റ്റ് എന്ന കമ്പനി സ്ഥാപിച്ച പിണറായി സർക്കാരിന്റെ മാതൃക മുതലാളിമാരെ എത്രമേൽ ആനന്ദത്തിലാഴ്ത്തി എന്നതിന്റെ വ്യക്തമായ തെളിവാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ സംസ്ഥാന സർക്കാരിനു ലഭിച്ച പുരസ്കാരം. ■



സീനിയർ സൂപ്രണ്ട്
**ശ്യാം കുമാർ**



എപിപി
**എസ്.അനീഷ**



ICDS സൂപ്പർവൈസർ
**ഇന്ദു വിശ്വകുമാർ**



പൊലീസ് ഓഫിസർ
**ജോബി ദാസ്**

## നഗ്നമായ ചൂഷണത്തിന് വീഥിയൊരുക്കുന്ന നവലിബറൽ ആശയങ്ങൾ എൽഡിഎഫ് സർക്കാരിനെ നയിക്കുന്നു

**ആ**ഗോളവൽക്കരണ നയങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലും ലോകബാങ്ക്, എഡിബി തുടങ്ങിയ അന്തർദേശീയ സാമ്രാജ്യത്വ ധനകാര്യ ഏജൻസികളിൽ നിന്നുള്ള വായ്പയുടെ വ്യവസ്ഥകളെന്ന നിലയിൽ, സംസ്ഥാന ഭരണ സംവിധാനത്തെ പൊളിച്ചടുക്കുന്നതിലും പ്രാവീണ്യം തെളിയിച്ച ഒരു സംഘമാണ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് സംസ്ഥാന ഭരണത്തിലെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സ്വദേശ-വിദേശ മൂലധനതാൽപര്യങ്ങൾ നടപ്പാക്കാനായി കൊണ്ടുവന്നത് മുതലാളിത്ത വിശാരദയായ ഗീത ഗോപിനാഥിനെ ആയിരുന്നെങ്കിൽ ഇന്ന് പ്രസ്തുത സ്ഥാനത്ത് മുൻ ചീഫ് സെക്രട്ടറിയും 2002 മുതൽ പുതിയ സാമ്പത്തിക നയങ്ങളുടെ ആസൂത്രകനും ലോകബാങ്ക് ഏജന്റുമായ കെ.എം.എബ്രഹാം ആണ്. പ്ലാനിങ്ങ് ബോർഡിനെയും ധനകാര്യ വകുപ്പിനെയും നോക്കുകുത്തിയാക്കികൊണ്ട്, സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റും ആസൂത്രണവും നിർവ്വഹിക്കുന്ന കിഫ്ബിയുടെ തലപ്പത്തും, ക്യാബിനറ്റ് റാങ്കോടെ മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി എന്ന തസ്തിക സൃഷ്ടിച്ച് അതിൽ അവരോധിച്ചിരിക്കുന്ന ഈ റിട്ടയേർഡ് ഉദ്യോഗസ്ഥൻ തന്നെയാണ്.

കേരളത്തെ കേരളമാക്കിയ സാമ്പത്തിക-സാമൂഹിക-തൊഴിൽ മേഖലകളെ ഉടച്ചുവാർത്തത് 1990കളുടെ അന്ത്യത്തോടെ കൊണ്ടുവന്ന 'മോഡേണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം'(എംജിപി) എന്ന എഡിബി, ലോകബാങ്ക് പദ്ധതിയിലൂടെയായിരുന്നു. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി, ക്ഷേമപ്രവർത്തനങ്ങളിൽ നിന്ന് സർക്കാർ പിൻവാങ്ങുകയും പകരം മൂലധനതാല്പര്യങ്ങളുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ സംവിധാനങ്ങളിൽ ഘടനാപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാനായി കൊണ്ടുവന്ന പദ്ധതിയായിരുന്നു എംജിപി. ഇടതുമുന്നണി സർക്കാർ തുടങ്ങിവച്ച്, എ.കെ.ആന്റണി സർക്കാർ ശക്തമായി നടപ്പിലാക്കിത്തുടങ്ങിയ ആ പരിഷ്കാരങ്ങളുടെ പുതിയ ഘട്ടമാണ് ഇന്ന് നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. തുടക്കത്തിൽ 'നവകേരള' പദ്ധതിയിലൂടെ ആയിരുന്നു അത് നിർവ്വഹിക്കപ്പെട്ടത്. പിന്നീട് ലോകബാങ്ക് സാമ്പത്തിക സഹായത്തോടെ വന്ന, പ്രളയദുരന്തത്തെ തുടർന്നുള്ള 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്', ഇതിന്റെ ഭാഗമാണ്. അതിന്റെ ഒരു പ്രധാന ഘടകമായ 'Sustainable Fiscal and Debt Management' എന്ന ഘടകത്തിന്റെ പ്രധാന ഉദ്ദേശ്യം സംസ്ഥാന സർക്കാരിന്റെ കടങ്ങൾ കുറയ്ക്കുക എന്നതല്ല, കടങ്ങൾക്കുമേലുള്ള പലിശയുടെ തിരിച്ചടവ് ശേഷി ഉയർത്തുക എന്നതാണ്. അതായത്, പലിശയൊഴികെയുള്ള മറ്റു ചെലവിനങ്ങൾ വെട്ടിക്കുറയ്ക്കുകയും അതിനുവേണ്ടി ഖജനാവിനെ ഒരുക്കുകയും ചെയ്യുകയെന്ന പ്രവൃത്തിയാണ് സർക്കാർ നിലവിൽ നടത്തുന്നത്. ■

(II–ാം പേജിൽ നിന്ന്)

## സർക്കാർ ജീവനക്കാരുടെ വരുമാനം– കേരളത്തിന്റെ സാമ്പത്തിക രംഗത്തെ ചലിപ്പിക്കുന്ന ഉത്തേജക ശക്തി

■ ലഭിക്കുന്നതിൽ ഗണ്യമായ പങ്കും നികുതി ഇനത്തിൽ തിരികെ നൽകുന്നു.

■ എല്ലാത്തരം വരവുകൾക്കും ചെലവുകൾക്കും നികുതി നൽകുന്നവരാണ് സർക്കാർ ജീവനക്കാർ.

പ്രതിമാസം 60,000 രൂപയ്ക്കുമുകളിൽ ശമ്പളം വാങ്ങുന്ന സർക്കാർ ജീവനക്കാർ നിശ്ചിത പരിധി കഴിഞ്ഞുള്ള തുകയ്ക്ക് 10 മുതൽ 30 ശതമാനംവരെ ആദായനികുതി നൽകുന്നവരാണ്. കൂടാതെ, പ്രൊഫഷണൽ ടാക്സ് എന്ന പേരിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 2500 രൂപയും നൽകുന്നു. ഇതിനുപുറമേ, ഉപഭോക്താവ് എന്നനിലയിൽ ഓരോ ചെലവിനും 5 മുതൽ 28 ശതമാനം വരെ നികുതി നൽകുന്നവരുമാണ്. ഇങ്ങനെ ചെലവഴിക്കുന്ന ഓരോ ആയിരം രൂപയ്ക്കും 80 മുതൽ 160 രൂപവരെ നികുതി ഇനത്തിൽ സർക്കാരിലെത്തും എന്നാണ് കണക്ക്.

സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളവരുമാനം ഏതാണ്ട് പൂർണ്ണമായും, ഭാവിയിലെ വരുമാനം കൂടി കടപ്പെടുത്തിയെടുക്കുന്ന വായ്പ തുകയും ഉൾപ്പെടെ കമ്പോളത്തിൽ തിരികെ എത്തുന്നു. ചരക്കായും സേവനങ്ങളായും സമ്പദ്വ്യവസ്ഥയെ ആകെ ചലിപ്പിക്കുന്ന ഒരു ഉത്തേജകശക്തിയാണ് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളം. സമ്പദ്വ്യവസ്ഥയിൽ സൃഷ്ടിക്കപ്പെടുന്ന, മുകളിലേക്ക് തരംഗസ്വഭാവത്തിൽ ഉണ്ടാകുന്ന വളർച്ചയെയാണ് 'മൾട്ടിപ്ലയർ എഫക്റ്റ്' എന്ന് സാമ്പത്തിക ശാസ്ത്രത്തിൽ പറയുന്നത്. ശമ്പളമായോ മറ്റിനത്തിലോ നൽകേണ്ടിവരുന്ന തുകയുടെ നിരവധി മടങ്ങാണ് സമ്പദ്വ്യവസ്ഥയിൽ അത് സൃഷ്ടിക്കുന്ന ആകമാന ഉണർവ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിലുള്ള ഉപഭോക്തൃ ചെലവ് ഘടന അനുസരിച്ച് ഈ അനുപാതം 1:2.5 ആയി കണക്കാക്കപ്പെടുന്നു. അതായത് ഒരാൾ നൂറ് രൂപ ചെലവാക്കുമ്പോൾ 250 രൂപയുടെ ഉത്തേജനം സമ്പദ്വ്യവസ്ഥയിൽ സൃഷ്ടിക്കപ്പെടുന്നു. അതുപോലെ 100 രൂപ ചെലവഴിക്കുമ്പോൾ 250 രൂപയ്ക്കുള്ള നികുതി സർക്കാരിലേക്ക് എത്തുകയും ചെയ്യുന്നു എന്നർത്ഥം. സർക്കാർ പിടിച്ചു വച്ചിരിക്കുന്ന 70,000 കോടി രൂപ കമ്പോളത്തിൽ എത്തിയിരുന്നെങ്കിൽ മൾട്ടിപ്ലയർ ഫോർമുല അനുസരിച്ച് 1,75,000 കോടി രൂപയുടെ സാമ്പത്തിക ഉത്തേജനം ഉണ്ടാകുമായിരുന്നു, അതുവഴി നികുതിയിനത്തിൽ 15,000 ലധികം കോടിരൂപ സർക്കാരിൽ തിരിച്ചെത്തുകയും ചെയ്യുമായിരുന്നു. ■

# ജീവനക്കാരിൽനിന്നും കവർന്നെടുത്ത 70087 കോടി രൂപ പലിശസഹിതം സർക്കാർ ഉടൻ തിരികെ നൽകുക

*(I-ാം പേജിൽ നിന്ന്)*

സർക്കാർ ജീവനക്കാരുടെ താരതമ്യേന മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥയുടെ ഉയർന്ന മാതൃക സംരക്ഷിക്കുക എന്നത് കേരളത്തിലെ അധ്വാനിച്ച് ജീവിക്കുന്ന, സംഘടിതരല്ലാത്ത, വിലപേശൽ ശക്തിയില്ലാത്ത തൊഴിലാളികളോടുള്ള ഉത്തരവാദിത്തം കൂടിയാണ്. അവരുടെ നികുതിപ്പണം കൂടി ചേർന്നതാണല്ലോ സർക്കാർ ജീവനക്കാരുടെ ജീവിതമാർഗ്ഗം.

2002 ജനുവരി 16ന്റെ കറുത്ത ഉത്തരവിനെതിരെ കേരളത്തിലെ സർക്കാർ ജീവനക്കാർ ഒറ്റക്കെട്ടായി നടത്തിയ ഐതിഹാസികമായ സമരത്തിനു നിദാനമായ സാഹചര്യമാണ് സർക്കാർ ജീവനക്കാർ ഇപ്പോൾ അഭിമുഖീകരിക്കുന്നത്. അന്ന് ആഗോളവൽക്കരണനയങ്ങളുടെ രണ്ടാംഘട്ട പരിഷ്കാരം എന്നനിലയിൽ എഡിബിയുടെയും ലോകബാങ്കിന്റെയും ഹീനലക്ഷ്യങ്ങൾ നടപ്പിലാക്കി കേരളത്തെ പൊളിച്ചടുക്കുകയും അതിനായി സർക്കാർ മേഖലയെയും സർക്കാർ ജീവനക്കാരെയും തകർക്കാൻ ആരംഭത്തിൽ എൽഡിഎഫ് സർക്കാരും തുടർന്ന് എ.കെ.ആന്റണി സർക്കാരും നടത്തിയ നീക്കങ്ങൾക്കെതിരെയായിരുന്നു 32 ദിവസം നീണ്ടുനിന്ന ആ പണിമുടക്ക്. അതേ നിയോലിബറൽ നയങ്ങളുടെ പുതിയ തലമുറ പരിഷ്കാരങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

മോദി സർക്കാരിനെ മാതൃകയാക്കിക്കൊണ്ട് തീവ്രവലതുപക്ഷനയങ്ങൾ ഭരണതലത്തിലെ സർവ്വരംഗങ്ങളിലും അക്ഷരംപ്രതി നടപ്പാക്കുന്ന സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. സ്വകാര്യനിക്ഷേപങ്ങളുടെയും, ക്രിമിനൽമൂലധനത്തിന്റെപോലും, താൽപര്യങ്ങൾക്കുവേണ്ടി സർക്കാരിനെയും സർക്കാർ ജീവനക്കാരെയും പരുവപ്പെടുത്തിയെടുക്കുവാനുള്ള ആസൂത്രിതനീക്കങ്ങളാണ് അതിവിദഗ്ധമായി പിണറായി സർക്കാർ നടപ്പാക്കുന്നത്. രാജ്യത്ത് തൊഴിലാളിക്ക് അനുകൂലമായി നിലനിന്ന നിയമങ്ങളാകെ ഒറ്റയടിക്ക് റദ്ദാക്കി, മൂലധനശക്തികൾക്കുവേണ്ടി പടച്ചെടുത്ത ലേബർ കോഡുകൾക്ക് ഇന്ത്യയിലാദ്യമായി ചട്ടങ്ങൾ രൂപീകരിച്ച സംസ്ഥാനമാണ് കേരളം. തൊഴിലാളികൾക്ക് ബാധകമായ നിയമങ്ങൾ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ നിയമപരമായി ബാധ്യതപ്പെട്ട ലേബർ എൻഫോഴ്സ്മെന്റ്-ഇൻസ്പെക്ഷൻ സംവിധാനങ്ങളെ മരവിപ്പിച്ചു നിർത്തിയിരിക്കുന്ന സർക്കാരാണിത്. അതിനാൽ തന്നെ, കേവലം സർക്കാർ ജീവനക്കാരുടെ സാമ്പത്തികനഷ്ടം തിരിച്ചുപിടിക്കാൻ വേണ്ടി മാത്രമല്ല ഈ സമരം. ക്രിമിനൽ മൂലധനശക്തികൾക്കുവേണ്ടി കേരളത്തിലെ പണിയെടുക്കുന്നവനെ അടിമസമാനം വിധേയപ്പെടുത്താനുള്ള ഗൂഢപദ്ധതിക്കെതിരെയും ഉയരുന്നതാണീ സമരം.

### തൊഴിൽ ചൂഷണം രൂക്ഷമായ സ്വകാര്യ മേഖല

സർക്കാർ ജീവനക്കാർക്കെതിരെ നടക്കുന്ന ഭീകരമായ കൂലിക്കൊള്ള ഇതര തൊഴിൽ മേഖലകളിലേക്ക് പകർച്ചവ്യാധിപോലെ വ്യാപിക്കുകയാണ്. ഏറ്റവും രൂക്ഷമായ തൊഴിൽ ചൂഷണമാണ് സ്വകാര്യ മേഖലയിൽ നടക്കുന്നത്. 2021 മുതൽ 2വർഷത്തോളമായി സംസ്ഥാനത്ത് തൊഴിൽ വകുപ്പ് മുഖേന തൊഴിൽ നിയമങ്ങളെ സംബന്ധിച്ചുള്ള യാതൊരുവിധ പരിശോധനകളും നടത്താതെ, മിനിമം വേതന ലംഘനമടക്കമുള്ള തൊഴിൽ ചൂഷണം നിർബാധം നടത്തുവാൻ സർക്കാർ മുതലാളിമാർക്ക് അവസരം നൽകുന്നു. സ്വകാര്യ സ്കൂളുകളിലും ആശുപത്രികളിലും, സ്ത്രീകൾ കൂടുതൽ ജോലികൾ ചെയ്യുന്ന വൻകിട സ്ഥാപനങ്ങളിലുമെല്ലാം വലിയ തോതിലുള്ള തൊഴിൽ ചൂഷണവും ശമ്പളനിഷേധവും കേരളത്തിൽ നടക്കുന്നു.

മാസങ്ങളോളം തൊഴിൽ ചെയ്തതിനു ശേഷം ശമ്പളം ചോദിക്കുമ്പോൾ കൈമലർത്തുന്ന മുതലാളിമാർക്കെതിരെ ഒരു നടപടിയും സ്വീകരിക്കുവാൻ സർക്കാർ തുനിയുന്നില്ല. പ്രതിമാസം ചെയ്യുന്ന ജോലിക്ക് അടുത്തമാസത്തെ ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ശമ്പളം നൽകണം എന്ന വ്യവസ്ഥയുള്ള പെയ്മെന്റ് ഓഫ് വേജസ് ആക്ട് നിലനിൽക്കുമ്പോഴും ഉദ്യോഗസ്ഥതലത്തിൽ ഈ പ്രശ്നത്തിൽ ഇടപെടുവാനോ പരിഹാരം ഉണ്ടാക്കുവാനോ തൊഴിൽ വകുപ്പ് ശ്രമിക്കുന്നില്ല. കോടതിയിൽ കേസിനുപോയി ശമ്പളം വാങ്ങേണ്ട ഗതികേടിലാണ് തൊഴിലാളികൾ. ഭരണമുന്നണിയിലെ പ്രധാനകക്ഷി നേരിട്ട് നിയന്ത്രിക്കുന്ന റബ്കോ ഫാക്ടറിയിൽ ശമ്പളം നൽകുന്നത് മാസങ്ങൾ കൂടുമ്പോഴാണ്. പ്രതികരിച്ച തൊഴിലാളികൾക്കെതിരെ സസ്പെൻഷൻ അടക്കമുള്ള നടപടികളാണ് സ്വീകരിച്ചത്.

### മിനിമംവേതനം നിഷേധിക്കപ്പെടുന്നു

കേരളത്തിൽ 80 ഓളം തൊഴിൽ മേഖലകളിൽ മിനിമം വേജസ് ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ പകുതിയോളം മിനിമം വേജസുകളിൽ പുതുക്കൽ നടത്തിയിട്ട് അഞ്ചിലധികം വർഷങ്ങളായി. അതിൽ തന്നെ, 10 മിനിമം വേജുകൾ 9 വർഷമായി പുതുക്കൽ നടത്താതെ വളരെ തുച്ഛമായ വേതനത്തിന് തൊഴിലാളികൾ ജോലിയെടുത്തുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ മേഖലയായ ഷോപ്പ്സ് ആൻഡ് അദർ കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയിലെ മിനിമം വേതനം പുതുക്കിയിട്ട് 9 വർഷം കഴിഞ്ഞിരിക്കുകയാണ്. ഈ മേഖലയിൽ മിനിമം വേതനം വളരെ കുറവായതിനാൽ റിലയൻസ്, ലുലുപോലുള്ള വലിയ മാളുകളിലും ജൂവലറികളിലും തുണിക്കടകളിലും ജോലി ചെയ്യുന്നവർക്ക് ദിവസം 12 മണിക്കൂർ പണിക്ക് പ്രതിമാസം 15,000 രൂപപോലും തികച്ച് ലഭിക്കുന്നില്ല. ഭരണത്തിലിരിക്കുന്ന പാർട്ടികളുടെ യൂണിയനുകൾ രാജ്യത്ത് മിനിമം വേതനം 30,000 രൂപയാക്കണം എന്ന് ആവശ്യപ്പെടുമ്പോൾ കേരളത്തിലെ ഒട്ടുമിക്ക സ്ഥാപനങ്ങളിലും മിനിമം വേതനം 18000 രൂപയിൽ താഴെയാണ്.

### സമരത്തിന് തൊഴിലാളികളും ബഹുജനങ്ങളും പൂർണ്ണപിന്തുണ നൽകണം

കേരളത്തിൽ സർക്കാർ ജീവനക്കാർക്കുനേരെ ഉണ്ടാകുന്ന ആക്രമണം ഒറ്റപ്പെട്ടതല്ലെന്നും പൊതുവിൽ സംസ്ഥാന സർക്കാർ പുലർത്തിവരുന്ന തൊഴിലാളി വിരുദ്ധമായ നയത്തിന്റെ ഭാഗമാണെന്നും നാം തിരിച്ചറിയണം. ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതും സംഘടിതമായ വിലപേശൽശക്തിയെ തകർക്കുന്നതും യഥാർത്ഥത്തിൽ മുതലാളിവർഗ്ഗത്തിന് യഥേഷ്ടം തൊഴിൽ ചൂഷണം നടത്തുന്നതിനുള്ള കളമൊരുക്കുന്നതിനുവേണ്ടിയാണ്. ന്യായമായ വേതനവും പെൻഷനും കൃത്യമായി ലഭിച്ചിരുന്ന സർക്കാർ ജീവനക്കാർ തൊഴിലവകാശങ്ങളുടെ മാതൃകയായിരുന്നു. ഇപ്പോൾ അതിന് മാറ്റം വന്നിരിക്കുന്നു. സംസ്ഥാനത്തെ തൊഴിൽ മേഖലയെയാകെ അത് പ്രതിലോമകരമായി സ്വാധീനിക്കുകയും ഗുരുതരവും ദൂരവ്യാപകവുമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുകയും ചെയ്യും. അതിനാൽ ജീവനക്കാരുടെ പണിമുടക്ക് വിജയിക്കേണ്ടത് പണിയെടുക്കുന്ന ഏവരുടെയും അടിയന്തര ആവശ്യകതയാണ്. ■

# പങ്കാളിത്ത പെൻഷൻ: കേരളത്തിലെ “ഇടതു” വഞ്ചന

**കേ**രളത്തിൽ 2013 ഏപ്രിൽ 1ന് യുഡിഎഫ് സർക്കാർ എൻപിഎസ് നടപ്പാക്കി. ജീവനക്കാരുടെ ഇടയിൽ ഇതിനെതിരെ വ്യാപക പ്രതിഷേധം ഉണ്ടായത് പരിഗണിച്ച് 2016 ൽ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കും എന്ന വാഗ്ദാനം നൽകി, എൽഡിഎഫ് തിരഞ്ഞെടുപ്പിനെ നേരിട്ടു. എന്നാൽ കേരളമൊഴികെയുള്ള ചില സംസ്ഥാനങ്ങൾ പങ്കാളിത്ത പെൻഷൻ പിൻവലിച്ചിട്ടും 'ഇടതുകേരള'ത്തിൽ അത് തുടരുകയാണ്. ദൗർഭാഗ്യകരമെന്നു പറയട്ടെ, എൻപിഎസിന് നിയമപ്രാബല്യം നൽകാൻ 13.05.2020ന് അസാധാരണ ഗസറ്റ് വിജ്ഞാപനവും ഇറക്കി. ഇന്നലെവരെ എൻപിഎസ് പിൻവലിക്കണമെന്ന ഡിമാൻഡ് ഉന്നയിച്ച ഭരണവിലാസം സംഘടനകൾ പിഎഫ്ആർഡിഎ പിൻവലിച്ചാലേ എൻപിഎസ് പിൻവലിക്കാൻ കഴിയൂ എന്ന് കാപ്സ്യൂൾ ഇറക്കി സർക്കാരിനെ ന്യായീകരിച്ചു.

### പങ്കാളിത്ത പെൻഷൻ നടപ്പാക്കാൻ എല്ലാ മുന്നണികളും ഒറ്റക്കെട്ട്

2004 ജനുവരി 1 മുതൽ എൻഡിഎ പങ്കാളിത്ത പെൻഷൻ രാജ്യത്ത് നടപ്പിലാക്കി. പിന്നീടുവന്ന സിപിഐ(എം) പിന്തുണച്ച, കോൺഗ്രസ് നേതൃത്വം നൽകിയ ഒന്നാം യുപിഎ സർക്കാരാണ് 2004 മെയ് മാസത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ അടിസ്ഥാനമായ PFRDA ഓർഡിനൻസ് പുറപ്പെടുവിച്ചത്. 2013ൽ രണ്ടാം യുപിഎ സർക്കാരിന്റെകാലത്ത് PFRDA നിയമം പാർലമെന്റിൽ പാസായി. 2013 ഏപ്രിൽ 1ന് കേരളത്തിൽ യുഡിഎഫ് സർക്കാർ എൻപിഎസ് നടപ്പാക്കി. പിന്നീടുവന്ന എൽഡിഎഫ് കഴിഞ്ഞ 9 വർഷമായി അതു തുടരുന്നു. പങ്കാളിത്ത പെൻഷന്റെ കാര്യത്തിൽ ഈ മുന്നണികൾ എല്ലാം ഒറ്റക്കെട്ടാണ്. എൻപിഎസിൽ രാജ്യത്ത് ഏറ്റവും അധികം ചൂഷണം നേരിടുന്നത് കേരളത്തിലെ ജീവനക്കാരാണ്. കേന്ദ്രഗവൺമെന്റും പശ്ചിമബംഗാൾ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളും പലകാലങ്ങളിലായി എൻപിഎസ് നടപ്പാക്കി, അവിടങ്ങളിലെല്ലാം ജീവനക്കാർ വിരമിക്കുമ്പോൾ ഡിസിആർജി(ഗ്രാറ്റുവിറ്റി) നൽകുന്നുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾപോലും തൊഴിലാളികൾവിരമിക്കുമ്പോൾ ഗ്രാറ്റുവിറ്റി നൽകുന്നു. എന്നാൽ കേരളത്തിലെ എൻപിഎസ് പദ്ധതിയിൽപെട്ട ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നിഷേധിച്ചിരിക്കുന്നു. അതോടൊപ്പം മറ്റൊരു വിവേചനം എൻപിഎസിലേക്കുള്ള സർക്കാർ വിഹിതത്തിന്റെ കാര്യത്തിലാണ്. കേന്ദ്രഗവൺമെന്റും മറ്റെല്ലാ സംസ്ഥാനങ്ങളും തൊഴിലുടമ വിഹിതമായി ശമ്പളത്തിന്റെ 14% അടക്കുമ്പോൾ കേരളത്തിൽ അത് 10% മാത്രമാണ്.

എൻപിഎസിനെതിരെ ഉയർന്നുവന്ന വമ്പൻ പ്രക്ഷോഭത്തെ തുടർന്ന് രാജസ്ഥാൻ, ഛത്തീസ്ഗഢ്, പഞ്ചാബ്, ഹിമാചൽപ്രദേശ് തുടങ്ങി പല സംസ്ഥാനങ്ങളും പദ്ധതിയിൽനിന്ന് പുറത്തുവന്നുകഴിഞ്ഞു. ഇതിനുപുറമെ ചില സംസ്ഥാന സർക്കാരുകൾ ഈ നെറികെട്ട പദ്ധതി പിൻവലിക്കും എന്നറിയിച്ചുകഴിഞ്ഞു. പിഎഫ്ആർഡിഎ പിൻവലിക്കണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷേ അത് കേന്ദ്രനിയമമാണ്; പിൻവലിക്കേണ്ടത് കേന്ദ്രസർക്കാരും. അതുപിൻവലിക്കാനായി അഖിലേന്ത്യാ തലത്തിൽ ജീവനക്കാരുടെയും തൊഴിലാളികളുടെയും ഐക്യം രൂപപ്പെടുത്തി വലിയ സമരം കെട്ടിപ്പടുക്കേണ്ടതുണ്ട്. എന്നാൽ നയപരമായി തന്നെ എൻപിഎസിനോട് വിയോജിപ്പുണ്ട് എന്നവകാശപ്പെടുന്ന കേരള സർക്കാർ ഇവിടെ എൻപിഎസ് പിൻവലിച്ചാൽ രാജ്യമെങ്ങും നടക്കുന്ന പ്രക്ഷോഭങ്ങൾക്ക് അതു കരുത്തുപകരുകയും കേന്ദ്രം പിഎഫ്ആർഡിഎ തന്നെ പിൻവലിക്കാൻ നിർബന്ധിതമാകുകയും ചെയ്യും എന്ന കാര്യം സൗകര്യപൂർവ്വം മറക്കുന്നു.

വിവിധ സംസ്ഥാനങ്ങൾ പങ്കാളിത്ത പെൻഷൻ ഉപേക്ഷിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ തിരികെ കൊണ്ടുവരാൻ തുടങ്ങിയതോടെ കോർപ്പറേറ്റുകൾക്ക് കൈയാളാൻ കിട്ടിയ 12 ലക്ഷം കോടിയിൽപരം രൂപ നഷ്ടപ്പെട്ടേക്കുമെന്ന ഭയത്താൽ കേന്ദ്രഗവൺമെന്റ് കഴിഞ്ഞ ബജറ്റിൽ അഷ്വേഡ് പെൻഷൻ എന്ന പുതിയ പദ്ധതി നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തുകൊണ്ട് ഒരു കമ്മിറ്റിയെ നിയോഗിച്ചു. അതേ മാതൃകയിൽ പിണറായി സർക്കാരും അഷ്വേഡ് പെൻഷൻ നടപ്പാക്കും എന്ന് പ്രഖ്യാപിക്കുകയും ജീവാനന്ദം എന്ന പേരിൽ സമാന പദ്ധതി നടപ്പാൻ ശ്രമം തുടങ്ങുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാർ ഏകീകൃത പെൻഷൻ പദ്ധതി (യുപിഎസ്) എന്ന പേരിൽ ഓഹരി വിപണിയെ അടിസ്ഥാനപ്പെടുത്തിത്തന്നെയുള്ള പുതിയ പദ്ധതി 2024 ആഗസ്റ്റിൽ പ്രഖ്യാപിച്ചു. യുപിഎസും പങ്കാളിത്ത പെൻഷൻ പദ്ധതി തന്നെയാണ്. 2003 ജനുവരിയിൽ റിസർവ്വ് ബാങ്ക് നിയോഗിച്ച വിദഗ്ധസമിതി സംസ്ഥാനങ്ങൾക്കായി ശുപാർശ ചെയ്ത മൂന്ന് പെൻഷൻ പദ്ധതികളിൽ ഒന്നാണിത്. ■

Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.